# 44

1. എന്റെ ദൈവത്താൽ എന്റെ ദൈവത്താൽ
നിശ്ചയം അനുഗ്രഹം പ്രാപിച്ചിടും ഞാൻ
തന്റെ വചനം പോലെ ഞാൻ ചെയ്യും
തന്റെ വഴിയിൽ തന്നെ നടക്കും ...എന്റെ ദൈവ

2. ദേശത്തിൽ ഞാൻ അനുഗ്രഹിക്കപ്പെടും
ജോലിയിൽ ഞാൻ അനുഗ്രഹിക്കപ്പെടും
എന്റെ വീട്ടിൽ ആഹാരം കുറയുകില്ല
ആവശ്യങ്ങളൊന്നുമേ മുടങ്ങുകില്ല ...എന്റെ ദൈവ

3. എന്നെ എതിർക്കുന്ന ശത്രുക്കൾ എല്ലാം
ഛിന്നഭിന്നമായ്പ്പോകും എന്റെ ദൈവത്താൽ
എന്റെ ആരോഗ്യം ദൈവദാനമല്ലോ
എൻ ശരീരവും അനുഗ്രഹിക്കപ്പെടും ..എന്റെ ദൈവ

4. ജീവിത പങ്കാളിയും എന്റെ മക്കളും
എന്റെ സമ്പത്തും അനുഗ്രഹിക്കപ്പെടും
എന്റെ നന്മയ്ക്കായവൻ സമൃദ്ധി നൽകും
എന്നെ വിശുദ്ധജനമാക്കിടും ...എന്റെ ദൈവ

5. വായ്പ വാങ്ങാൻ ഇടവരികയില്ല
കൊടുക്കുവാനോ ദൈവം സമൃദ്ധി നൽകും
ഉയർച്ച തന്നെയെന്നും പ്രാപിക്കും ഞാൻ
ഉന്നതങ്ങളിൽ എന്നെ മാനിക്കും താൻ ...എന്റെ ദൈവ